# കേരളാ പോലീസ്

# പ്രശംസനീയ കർത്തവ്യ നിർവ്വഹണം

( 26-09-2009 മുതൽ 2-10-2009 വരെ)

## 4,08,000/- രൂപയുടെ കുഴൽപ്പണവുമായി യുവാക്കൾ അറസ്റ്റിൽ

1.10.2009 പുലർച്ചെ 5 മണിയോടുകൂടി കൊടുവള്ളി പോലീസ് പട്രോൾ ഡ്യൂട്ടിയ്ക്കിടയിൽ കൊടുവള്ളി ബസ്സ് സ്റ്റാന്റ് പരിസരത്തുനിന്നും അബുബേക്കർ എന്നയാളിന്റെ കൈയ്യിൽനിന്നും 1,17,000/- രൂപയും, ഷൗക്കത്ത്, മുഹമ്മദ് എന്നിവരിൽനിന്നും 2,91,000/- രൂപയും പിടിച്ചെടുത്തു. മൂന്നുപേരെയും അറസ്റ്റ് ചെയ്തു.

(Cr.No. 308/09, KKD R, Koduvally PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. Pradeepkumar CI, Sri. K.A Bose SI, GHC 6336, PC 6551

## കവർച്ചാ തലവൻ പിടിയിൽ

നിരവധി മോഷണ കേസുകളിലെ പ്രതിയും സംസ്ഥാനത്തെ വീടുകളും കച്ചവട സ്ഥാപനങ്ങളും കുത്തിത്തുറന്ന് കവർച്ച നടത്തുന്ന വൻ സംഘത്തിന്റെ തലവനുമായ കാഞ്ഞിരത്തുംമൂട്ടിൽ സാജുവിനെ 28.9.2009 ന് പുലർച്ചെ ഒരു മണിയോടുകൂടി മൂവാറ്റുപുഴ ടൗണിൽനിന്നും മൂവാറ്റുപുഴ പോലീസ് അറസ്റ്റ് ചെയ്തു.

(Cr.No. 1764/09, EKM R, Muvattupuzha PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. P.P Shams CI, Sri. Sreekumaran nair SI, Sri. Faizal ASI, GHCs 7137, 7138, 7383, PC 8449

## ഇരുചക്രവാഹന മോഷ്ടാക്കൾ അറസ്റ്റിൽ

നഗരങ്ങളിൽനിന്നും ബൈക്കുകൾ മോഷ്ടിച്ച് വ്യാജവാറ്റ് സംഘങ്ങൾക്കും മണൽ മാഫിയയ്ക്കും വിൽക്കുന്ന ആറംഗ സംഘമായ അനീഷ്, ശരത്, ഷാൻ, അനീഷ്, രാഹുൽ, ആഷിക് എന്നിവരെ 25.9.2009 വൈകിട്ട് 4.45 മണിയോടുകൂടി വേണാട് ഹോസ്പിറ്റലിന്റെ ഭാഗത്തുനിന്നും നെടുമങ്ങാട് പോലീസ് അറസ്റ്റ് ചെയ്തു.

(Cr.Nos. 1060/09, 1061/09, 1062/09 TVPM R, Nedumangad PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. Pramodkumar CI, Sri. C Chandran SI, Sri. Binu ASI, PCs 4103, GrHC 2978

## പോലീസ് ചമഞ്ഞ് തട്ടിപ്പ് ; യുവാവ് അറസ്റ്റിൽ

പോലീസ് ഓഫീസർ ചമഞ്ഞ് ആളുകളെ ഭീഷണിപ്പെടുത്തിയും ദേഹോപദ്രവ മേല്പിച്ചും പിടിച്ചുപറിയും തട്ടിപ്പും നടത്തിവന്നിരുന്ന എരുമപ്പെട്ടി വെള്ളറക്കാട് തറയിൽ വീട്ടിൽ മൊയ്തുവിന്റെ മകൻ അഷറഫിനെ 25.9.2009 ന് വൈകിട്ട് 3 മണിയോടുകൂടി പാറമേക്കാവ് ക്ഷേത്ര പരിസരത്തുനിന്നും തൃശ്ശൂർ ടൗൺ ഈസ്റ്റ് പോലീസ് അറസ്റ്റ് ചെയ്തു.

(Cr.No. 755/09, TCR, Town EstPS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. K.C Sethu SI.

## 113 ലിറ്റർ വിദേശ മദ്യം പിടിച്ചെടുത്തു

30.9.2009 പുലർച്ചെ ഒരുമണിയോടുകൂടി അടിമാലി പോലീസ് പട്രോൾ ഡ്യൂട്ടി നോക്കിവരവെ സംശയാസ്പദമായ രീതിയിൽ അടിമാലി HS ന് മുന്നിൽ പാർക്ക് ചെയ്തിരുന്ന ഒരു സ്കോർപ്പിയോ കാർ പരിശോധിച്ചതിൽ കാറിനുള്ളിൽനിന്നും കന്നാസുകളിൽ സൂക്ഷിച്ചിരുന്ന 113 ലിറ്റർ വിദേശമദ്യം കണ്ടെടുത്തു.

(Cr.No. 636/09,IDI, Adimali PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ Sri. N.G Sreemon SI, Sri. Vijayan ASI, HC 1152, PC2750

## പിടികിട്ടാപ്പുള്ളി പിടിയിലായി

നിരവധികേസിലെ പ്രതിയും പിടികിട്ടാപ്പുള്ളിയുമായ പാർത്ഥനെ (LP No. 5/08) 26-9-2009-ന് റാന്നിയിൽനിന്നും മലമ്പുഴപോലീസ് അറസ്റ്റുചെയ്തു.

(PKD, Malampuzha PS)

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ HC 3617, PC 4664

## കൈമോശം വന്ന ബാഗ് കണ്ടെടുത്ത് ഉടമസ്ഥന് തിരിച്ച് നൽകി

26.09.2009 തീയതി രാവിലെ 9.15 മണിയോടുകൂടി ചെന്നൈ മെയിൽ എക്സ്പ്രസിലെ യാത്രക്കാരിയായ ലിൻസി തോമസ് അവരുടെ സർട്ടിഫിക്കറ്റ്, എ.റ്റി.എം കാർഡ് വിലപിടിപ്പുള്ള ബുക്കുകളുമടങ്ങിയ ഷോൾഡർ ബാഗ് ട്രെയിനിൽ മറന്നുവച്ചശേഷം കോട്ടയം റെയിൽവെ സ്റ്റേഷനിലിറങ്ങി. റെയിൽ അലർട്ട് കൊടുത്ത വിവരത്തിന്റെ അടിസ്ഥാനത്തിൽ MOP പാർട്ടി നടത്തിയ ഊർജ്ജിതമായ അന്വേഷണത്തിന്റെ ഫലമായി ബാഗ് കണ്ടെത്തി തിരുവനന്തപുരം റെയിൽവേ സ്റ്റേഷനിൽ ഏല്പിക്കുകയും തുടർന്ന് യാത്രക്കാരിക്ക് കൈമാറുകയും ചെയ്തു.

(Rail Alert, PC 1371)